(ബി) നിലവിൽ അനുവദിച്ചിട്ടുള്ള 51 ഷെഡ്യൂളുകളും സംസ്ഥാന ജല ഗതാഗത വകുപ്പ് കൃത്യമായി സർവ്വീസ് നടത്തിവരുന്നു. വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും, 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പണി പൂർത്തിയാക്കി 27-9-2015-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. യാർഡുകളിൽ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി വകുപ്പ് വക ബോട്ടുകൾ സർവ്വീസ് യോഗ്യമാക്കിവരികയാണ്. അനുവദനീയമായ ഷെഡ്യൂളുകൾ കൃത്യമായി സർവ്വീസ് നടത്തുന്നതിനാൽ വകുപ്പിന് പ്രതിദിനം നഷ്ടം ഉണ്ടാകുന്നില്ല.

(സി) ഇല്ല. സർവ്വീസ് ബോട്ടുകൾ എല്ലാം കൃത്യമായ ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ ഉള്ളവയാണ്. ഉറമുഖ വകുപ്പ് സർവ്വേയർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഉള്ള ബോട്ടുകൾ മാത്രമാണ് സർവീസുകളിൽ ഉപയോഗിച്ചുവരുന്നത്.

(ഡി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി നിർമ്മിച്ച കേരളത്തിലെ തന്നെ ആദ്യത്തെ 4 ബോട്ടുകൾ ഒരേ സമയം മേജർ റിപ്പെയർ ചെയ്യാവുന്ന ഡ്രൈഡോക്കിന്റേയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയുടേയും പണികൾ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ പൂർത്തിയാക്കി 27-9-2015-ന് ഉദ്ഘാടനം നടത്തിയിട്ടുണ്ട്. ടി യാർഡുകളിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ മുൻഗണനാ ക്രമാടിസ്ഥാനത്തിൽ നടത്തി ഉടൻ യാത്രാ ക്ഷമമാക്കുവാൻ കഴിയും. നിലവിൽ മൈനർ അറ്റകുറ്റപ്പണികൾ ആവശ്യമായ ബോട്ടുകളിൽ യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സർവീസുകൾ നടത്തിവരുന്നു. മേജർ അറ്റകുറ്റപ്പണികൾ ആവശ്യമായവ യാർഡുകളിലെ സ്ഥല സൗകര്യം അനുസരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ നടത്തി യാത്രാക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർവ്വീസ് നടത്താൻ യോഗ്യമായ ബോട്ടുകൾ

369 (2199) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്താൻ യോഗ്യമായ എത്ര ബോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ; ഇവയുടെ പഴക്കം എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവ്വീസ് നടത്താൻ യോഗ്യമല്ലാത്ത എത്ര ബോട്ടുകൾ നിലവിലുണ്ട് ; അവ കയ്യൊഴിയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഒരു മാസത്തെ ശരാശരി കളക്ഷനും, ചെലവും എത്രയാണ് ;

(ഡി) പുതിയ ബോട്ടുകൾ വാങ്ങി സർവ്വീസ് കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 51 സർവ്വീസ് ബോട്ടുകളും രണ്ട് സ്പെയർ ബോട്ടുകളും ഉൾപ്പെടെ വകുപ്പിന് കീഴിൽ നിലവിൽ സർവ്വീസ് യോഗ്യമായ 53 ബോട്ടുകളുണ്ട്. ഇവയിൽ 37 സ്റ്റീൽ ബോട്ടുകൾ 15 വർഷത്തിനു താഴെ മാത്രം പഴക്കം ചെന്നവയും 16 തടി ബോട്ടുകൾ 10 വർഷത്തിനും 39 വർഷത്തിനും ഇടയിൽ പഴക്കമുള്ളതുമാണ്.

(ബി) സർവ്വീസ് യോഗ്യമല്ലാത്ത ബോട്ടുകളിൽ മൈനർ/മേജർ റിപ്പയർ പണികൾ ആവശ്യമായവ വകുപ്പിന്റെ യാർഡുകളിൽ പണികൾ നടത്തിവരുന്നു. സർവ്വീസ് യോഗ്യമല്ലാത്ത 10 ഫൈബർ ബോട്ടുകൾ നീക്കം ചെയ്തിട്ടുള്ളതാണ്.

(സി) ഒരു മാസത്തെ ശരാശരി വരവ് 63,30,000 (അറുപത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയും ചെലവ് 3,96,00,000 (മൂന്ന്കോടി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) രൂപയുമാണ്.

(ഡി) ഉണ്ട്. സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കമേറിയ തടി ബോട്ടുകൾ പിൻവലിച്ച് പുതിയ സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾക്കൊള്ളിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഏകദേശം നാൽപ്പതിയഞ്ചോളം സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഇവയിൽ ടൂറിസ്റ്റ് കം പാസഞ്ചർ ബോട്ടുകളും ടു വീലർ കാര്യർ ബോട്ടുകളും ഉൾപ്പെടുന്നു. ഇന്ത്യയിൽ ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതിനായി ഒരു സോളാർ ബോട്ടിന് സർക്കാർ അനുമതി നൽകുകയും ആയതിന്റെ നിർമ്മാണം പുരോഗമിച്ചു വരുകയുമാണ്. കൂടുതൽ സുരക്ഷിതമായ ജലഗതാഗതം ഉറപ്പു വരുത്തുന്നതിലേക്കായി നിലവിലെ ബോട്ടുകൾ കൂടുതൽ സാങ്കേതിക മികവാർന്ന സുരക്ഷിതമായ കറ്റാമറൻ ബോട്ടുകളായി പുനഃസ്ഥാപിക്കുന്നതിലേക്കായി ബോട്ടുകൾ വാങ്ങുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly